പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6410 3/4/2018 ൽ മറുപടിക്ക്

## മൃഗാരോഗ്യ സംരക്ഷണം

ചോദ്യം

ശ്രീ. അടൂർ പ്രകാശ്:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗ ചികിത്സക്കും രോഗനിർണ്ണയ ഉപാധികളുടെ ഉല്പാദനത്തിനും തെരഞ്ഞെടുക്കപ്പെട്ട റഫറൽ കേന്ദ്രങ്ങളിൽ 24 x 7മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | എ) | മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18ൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65 -ൽ നിന്നും 85ആയി വർദ്ധിച്ചു.2018-19 ൽ ഇത് 20 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുവാനും ആകെ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. രോഗനിർണ്ണയ ഉപാധികളുടെ ഉല്പാദനം മൃഗസംരക്ഷണവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്, ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്,പാലോട് എന്നീ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ രോഗനിർണ്ണയ സൗകര്യം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഓഫീസ് സമയത്തുമാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. |
| ബി) | കാലിത്തീറ്റയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹകരണമേഖലയിലെ സംഭരണവും വിതരണവും യന്ത്രവൽക്കരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്; | ബി) | കാലിത്തീറ്റയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരളാ ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മേട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ |

| | | | |
|---|---|---|---|
| | | | ഫാക്ടറിയും പ്രവർത്തിച്ചവരുന്നുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരീക്കുഴയിൽ 500 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചവരുന്നു. അതോടെ കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദന ശേഷി 1750 മെട്രിക് ടൺ ആകും. ഒപ്പം കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരളാ ഫീഡ്സിനു സാധിക്കും.<br>സഹകരണ മേഖലയിലൂടെ പാലിന്റെ സംഭരണവും വിതരണവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് വളരെയേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനമാണ് ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം.<br>ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഉല്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ക്ഷീരസംഘങ്ങളുടെ ആധുനിക വത്ക്കരണം ആട്ടോമേഷൻ എന്നിവയ്ക്കായി 2017-18 ൽ 25.85 കോടി രൂപ ചെലവഴിച്ച വരുന്നു. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ സംഘം രൂപീകരണം, പുനരുദ്ധാരണം, എഫ്.എസ്.എസ്.എ പരിശീന പരിപാടികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ പാൽ സംഭരണം, സംസ്കരണം, വിപണനം എന്നിവ ശക്തിപ്പെടുത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ആയതിലേയ്ക്കായി 28.94 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | വേനൽ കടുത്തതോടുകൂടി തീറ്റപ്പുല്ലിന്റെ ലഭ്യത കുറഞ്ഞത് പാലുല്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ മിൽമയുടെ കാലിത്തീറ്റക്ക് കൂടുതൽ സബ്സിഡി നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർ സഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1/- രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 3/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇതിലേയ്ക്കായി 13കോടി രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തു. കൂടാതെ 2018-19 സാമ്പത്തിക വർഷം 15 കോടി രൂപ ആയതിലേക്ക് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻഓഫീസർ